(ഡി) കള്ളുഷാപ്പുകളിൽ ചാരായത്തൊഴിലാളികളെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) 20-2-2002-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർറ്റി.) നമ്പർ 81/02/നി.വ. പ്രകാരം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഭാവിയിൽ തുറക്കുന്ന ചില്ലറ വില്പനശാലകളിൽ ദിവസവേതന ജീവനക്കാരുടെ തസ്തികകളിൽ 25% അബ്കാരി തൊഴിലാളിക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തതും 1-4-1996-ലെ ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുമായ ചാരായത്തൊഴിലാളികളെ നിയമിക്കണമെന്നും തുടർന്ന് 7-8-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 567/04/നി.വ. പ്രകാരം മരണമടഞ്ഞതും ആത്മഹത്യ ചെയ്തതുമായ തൊഴിലാളികളുടെ ആശ്രിതർക്ക് മേൽപ്പറഞ്ഞ നിയമനങ്ങൾ നൽകണമെന്ന് ഉത്തരവായി. ഇതുപ്രകാരം വിവിധ ജില്ലകളിലായി ബിവറേജസ് കോർപ്പറേഷന് 51 പേരെ ദിവസവേതനത്തിൽ നിയമിക്കാൻ കഴിയും.

(ബി) ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) തൊഴിൽ നഷ്ടപ്പെട്ട മുൻചാരായത്തൊഴിലാളികൾക്ക് നൽകിയ സർക്കാർ ധനസഹായം കൈപ്പറ്റാതിരുന്നവരിൽനിന്നും നാല് തൊഴിലാളികൾക്ക് 30,000 രൂപ വീതം 1,20,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ തൊഴിൽ നഷ്ടപ്പെട്ട മുഴുവൻ ചാരായത്തൊഴിലാളികൾക്കും കള്ളുഷാപ്പുകളിൽ തൊഴിൽ നൽകി സംരക്ഷിക്കുവാൻ 30-3-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 24/02/റ്റി.ഡി. പ്രകാരം പുറപ്പെടുവിച്ച കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ് 2002-ലെ വകുപ്പ് 4(2), വകുപ്പ് 9(10)(ബി) എന്നീ വകുപ്പുകളിൽ സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളിൽ ഒരാളെവീതം നിലവിലുള്ള കള്ളുഷാപ്പുകളിൽ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പാക്കണമെന്ന സർക്കാർ പ്രഖ്യാപനം**

28 [3281] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പാക്കണമെന്ന സർക്കാർ പ്രഖ്യാപനം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിശോധിക്കുന്നതിനായി സർക്കാർ ഏതെങ്കിലും സമിതിക്ക് രൂപംനൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ചാരായനിരോധനം ഏർപ്പെടുത്തിയതുമൂലം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

*ഉത്തരം*

(എ) മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് 1-4-1996 മുതൽ സംസ്ഥാനത്ത് ചാരായനിരോധനം ഏർപ്പെടുത്തിയത്. തുടർന്ന് അബ്കാരി കുറ്റകൃത്യങ്ങളുടെ ശിക്ഷയുടെ കാഠിന്യം വർദ്ധിപ്പിക്കുകയും കള്ളുഷാപ്പുകളുടെ ലേലസമ്പ്രദായം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. കള്ളുഷാപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്തിയതും ഡ്രൈ ഡേയുടെ എണ്ണം വർദ്ധിപ്പിച്ചും മദ്യനിരോധനം നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടാണ്. മദ്യനിരോധനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണം ആവശ്യമാണ്. വ്യാജവാറ്റും വിൽപ്പനയും കണ്ടുപിടിക്കുന്ന നടപടികൾ അവലോകനം ചെയ്യുന്നതിനായി 15-7-1996-ൽ ജി.ഒ. (എംസ്.) 109/96/നി.വ. നമ്പർ ഉത്തരവുപ്രകാരം മുഖ്യമന്ത്രി ചെയർമാനായി ഗവൺമെന്റ് ഒരു സംസ്ഥാനതല ഹൈലെവൽ കമ്മിറ്റിക്ക് രൂപംനൽകുകയും പ്രസ്തുത കമ്മിറ്റിയുടെ നിയന്ത്രണത്തിൻകീഴിൽ ജില്ലാബ്ലോക്ക്തല കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാർ ചെയർമാൻമാരായുള്ള ജില്ലാ കമ്മിറ്റികളും റവന്യൂ ഡിവിഷണൽ ഓഫീസർമാർ ചെയർമാൻമാരായുള്ള ബ്ലോക്ക്തല കമ്മിറ്റികളും മാസത്തിലൊരിക്കൽ യോഗംചേർന്ന് വ്യാജമദ്യനിർമ്മാണം, വിപണനം എന്നിവ നടത്തുന്നവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകുകയും ഇവ തടയുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ടി കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവയ്ക്കു വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി 14-11-1997-ൽ സംസ്ഥാന കമ്മിറ്റി പുനഃസംഘടിപ്പിക്കുകയുണ്ടായി. കൂടുതൽ ജനപ്രതിനിധികളെയും, സാമൂഹ്യ പ്രവർത്തകരെയും വിവിധ രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളെയും എം.എൽ.എ. മാരെയും ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റി പുനഃസംഘടിപ്പിക്കുകയുമുണ്ടായി.

(ബി) ഉണ്ട്. മദ്യാസക്തിയിൽനിന്നും ജനങ്ങളെ പിൻതിരിപ്പിക്കുന്നതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽക്കൂടി മാത്രമേ മദ്യഉപഭോഗം കുറയ്ക്കുന്നതിന് സാധിക്കുകയുള്ളൂ എന്നതിനാൽ മദ്യവർജ്ജന ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചാരായനിരോധനം ഏർപ്പെടുത്തിയശേഷം കള്ള്, ഇന്ത്യൻ നിർമ്മിത വിദേശമദ്യം എന്നിവയുടെ ഉപഭോഗം വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

**ചാരുംമൂട് എക്സൈസ് റേഞ്ച് ഓഫീസിനായി ലഭിച്ചിട്ടുള്ള നിവേദനങ്ങൾ**

29 [3282] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തെക്കുകിഴക്കേ അതിരായി ചാരുംമൂട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്തെ വ്യാജമദ്യ വില്പന തടയുന്നതിന് ചാരുംമൂട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ നിവേദനങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) — (സി) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കാനുള്ള ഒരു ശിപാർശയും സർക്കാരിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ നിവേദനങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ വാഹനം ലഭ്യമാക്കാൻ നടപടി**

30 [3283] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ ആവശ്യത്തിന് വാഹനങ്ങളും ജീവനക്കാരും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാഹിയുടെ ഏറ്റവും അടുത്തുള്ള ഈ ചെക്ക്പോസ്റ്റിൽ സ്വന്തമായി വാഹനം ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) അഴിയൂർ ചെക്ക്പോസ്റ്റിൽ ഉടനെ ഒരു വാഹനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly